**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 41** **08-10-2024 - ൽ മറുപടിയ്ക്ക്**

**കയർ വ്യവസായ മേഖലയിലെ പ്രതിസന്ധി നേരിടാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കയർ വ്യവസായ മേഖല ഗുരുതരമായ പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉൽപാദന ചെലവിലെ വർദ്ധനവും പച്ചത്തൊണ്ടിന്റെ ദൗർലഭ്യവും കമ്പോളത്തിലെ മാറ്റങ്ങളും ഉൾപ്പെടെ കയർ മേഖല നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിലുണ്ട്.<br><br>കേരളത്തിൽ നാളികേര കൃഷിയിൽ വന്ന മാറ്റവും പരമ്പരാഗത രീതിയിൽ തൊണ്ട് സംസ്കരണം നടത്തുന്നതിൽ നേരിടുന്ന പാരിസ്ഥിതിക വെല്ലുവിളികളും ഗുണമേൻമയുള്ള ചകിരി നാരിന്റെ ലഭ്യതയിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. നിലവിലുള്ള ചകിരി ഉൽപ്പാദക സംഘങ്ങളെ ഫലപ്രദമായി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ പൊതുമേഖല സ്ഥാപനമായ കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി വഴി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ ഗുണമേന്മയും വിപണി മൂല്യവും ഉറപ്പാക്കിക്കൊണ്ട് കയറും കയർ ഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>കയർ ഫാക്ടറി തൊഴിലാളികളുടെ പ്രതിദിന വേതനം 748.11 രൂപയിൽ നിന്നും 815.44 രൂപയാക്കി ഈ സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ആദ്യ ഘട്ടമായി 6.90 കോടി രൂപ തൊഴിലാളികളുടെ കൂലിയിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | കയർ മേഖലയിൽ ദീർഘകാലമായി വേതന പരിഷ്കരണം നടപ്പാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ അടിയന്തരമായി വേതനം പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കുമോ; | (ബി) | കയർ ഫാക്ടറി തൊഴിലാളികളുടെ വേതന നിർണ്ണയവുമായി ബന്ധപ്പെട്ട് ഏകദേശം 60 വർഷത്തോളമായി പരിഹരിക്കപ്പെടാതെ കിടന്നിരുന്ന അശാസ്ത്രീയമായ കൂലി നിർണ്ണയം മാറ്റാനും ഇതുവഴി ഏകീകൃത DA ഘടന നടപ്പാക്കാനും , നിലവിലുള്ള കൂലിയിൽ പ്രതിദിനം 9% വർദ്ധനവ് വരുത്താനും ഈ |

| | | | |
|---|---|---|---|
| | | | സർക്കാരിന് സാധിച്ചു. ഇതോടെ കയർ ഫാക്ടറി തൊഴിലാളികളുടെ അടിസ്ഥാന ശമ്പളം 748.11 രൂപയിൽ നിന്നും 815.44 രൂപയായി വർദ്ധിച്ചിട്ടുണ്ട്<br><br>പരമ്പരാഗത കയർ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിനായി ഇൻകം സപ്പോർട്ട് പദ്ധതി വഴി സർക്കാർ വിഹിതം നൽകി വരുന്നുണ്ട്. കയർ മേഖലയിൽ തൊഴിലവസരങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന് കയർ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം , മാനേജീരിയൽ സബ്സിഡി , പ്രൊഡക്ഷൻ ആൻഡ് മാർക്കറ്റിംഗ് ഇൻസെന്റീവ് എന്നീ പദ്ധതികളിൽ ധനസഹായം നൽകി വരുന്നുണ്ട്. |
| (സി) | ഉൽപാദന ചെലവിലെ വർദ്ധനവും പച്ചത്തൊണ്ടിന്റെ ദൗർലഭ്യവും മറ്റു തൊഴിൽ മേഖലയെ അപേക്ഷിച്ച് വേതനം കുറവാണെന്നതും ഉൾപ്പെടെയുള്ള പ്രതിസന്ധികൾ നേരിടുന്ന കയർ മേഖലയെ പുനരുജ്ജീവിപ്പിക്കുവാൻ സമഗ്രമായ പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം നൽകുമോ? | (സി) | ഗുണമേന്മയും വിപണിമൂല്യവും ഉറപ്പാക്കിക്കൊണ്ട് കയറും കയർ ഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കാനുള്ള നടപടികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നുണ്ട്. ചകിരി ഉൽപ്പാദക സംഘങ്ങളുടെ ഉൾപ്പെടെ യന്ത്രവല്ക്കരണത്തിന്റെ ഭാഗമായി സ്ഥാപിച്ച യന്ത്രസാമഗ്രികളുടെ അറ്റകുറ്റപ്പണികൾ യഥാസമയം ഏറ്റെടുത്തു നടത്തുന്നതിനും തൊഴിലാളികളുടെ നൈപുണ്യ വികസനത്തിനാവശ്യമായ നടപടികൾക്കും പൊതുമേഖല സ്ഥാപനമായ കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കയർ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി സമഗ്ര പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നുണ്ട്. അതിൻെറ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം കയർ മേഖലയിൽ ആകെ **50.82** കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷം ആദ്യ ഘട്ടമായി **6.90**കോടി രൂപയുടെ സാമ്പത്തിക സഹായം 14061 തൊഴിലാളികൾക്ക് കൂലിയിനത്തിൽ വിതരണം ചെയ്തിട്ടുണ്ട് .<br><br>പ്രവർത്തന മൂലധന ഇനത്തിൽ സംഘങ്ങൾക്ക് **4.00** കോടി രൂപ വിതരണം ചെയ്തു. ഇതോടൊപ്പം കയർ സംഘങ്ങളിലെ ജീവനക്കാർക്കുള്ള മാനേജീരിയൽ സബ്സിഡിയായി **327**കയർ സംഘങ്ങൾക്ക് **69.05** ലക്ഷം രൂപ വിതരണം ചെയ്യാനും സാധിച്ചിട്ടുണ്ട്.<br><br>പി.എം.ഐ (ഉല്പാദന-വിപണന ധനസഹായം) ഇനത്തിൽ **5.78** കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. എം.ഡി.എ (മാർക്കറ്റ് ഡവലപ്പ്മെന്റ് അസിസ്റ്റൻസ്) ഇനത്തിൽ സംസ്ഥാനവിഹിതമായ **10 കോടി** രൂപയും കേന്ദ്ര വിഹിതം 2021-22 വർഷത്തെ |

കുടിശ്ശികയിൽ **1.22** കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ക്രയവില സ്ഥിരതാ പദ്ധതിയിനത്തിൽ കയർ ഫെഡിന് **9.68** കോടി രൂപയും, കയർ കോർപ്പറേഷന് **10** കോടി രൂപയും ഉൾപ്പെടെ ആകെ **19.68** കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

പദ്ധതിയേതരയിനത്തിൽ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് **96** ലക്ഷം രൂപ മാച്ചിംഗ് ഗ്രാന്റും, നാഷണൽ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് **21** ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

കയർ സഹകരണ സംഘങ്ങളുടെ കെ.എസ്.ഇ.ബി വൈദ്യുതി കുടിശ്ശിക തീർപ്പാക്കൽ, വൈദ്യുതി സബ്സിഡി എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

പരമ്പരാഗത കയർ തൊഴിലാളികളുടെയും കയർ സംഘങ്ങളുടെയും താല്പര്യം സംരക്ഷിച്ചുകൊണ്ട് തന്നെ കയർഫെഡ് ചകിരിയും കയറും സംഭരിക്കുന്നതോടൊപ്പം വിപണി മൂല്യമുള്ള വിവിധങ്ങളായ ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിന്റെ ഭാഗമായി കോക്കോഫെർട്ട്, ഇനോക്കലേറ്റഡ് പിത്ത്, കോക്കോപോട്ട് മുതലായവ തയ്യാറാക്കി വിപണനം നടത്തിവരുന്നു.

യന്ത്രങ്ങളിൽ ഉല്പാദിപ്പിക്കുന്ന കയറിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി കേരള സംസ്ഥാന കയർ മെഷീനറി മാനുഫാക്ച്ചറിംഗ് കമ്പനി ലിമിറ്റഡും, നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും നിരന്തരമായ ഇടപെടലുകളും ആവശ്യമായ പരിശീലന പരിപാടികളും നടത്തിവരുന്നു.

ഗുണമേന്മ ഉറപ്പാക്കിക്കൊണ്ട് വിപണന സാധ്യതയുമുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരമ്പരാഗത തൊഴിലാളികളെ പ്രാപ്തമാക്കും വിധം നൈപുണ്യ വികസനത്തിനായുള്ള പരിശീലന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇന്ത്യയിലെ പ്രമുഖ ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടുകളുമായി ചേർന്നാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 50 പേർക്ക് 600 രൂപ സ്റ്റൈപ്പന്റോടുകൂടി ഒരു മാസത്തെ പരിശീലനം നൽകിക്കഴിഞ്ഞു. ആദ്യ ഘട്ടത്തിൽ 500 പേർക്കാണ് പരിശീലനം നൽകുന്നത്.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (ഭോപ്പാൽ) - ന്റെ സഹകരണത്തോടെ നൂതനമായ ഡിസൈനുകളും രൂപകല്പന ചെയ്തുവരുന്നു. NID-യുമായി ചേർന്ന് ഒരു Product Research and Design

Centre കയർ കോർപ്പറേഷനിൽ ആരംഭിച്ചിട്ടുണ്ട്. എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഫോർ ഹാന്റിക്രാഫ്റ്റ് ഡൽഹിയിൽ സംഘടിപ്പിച്ച സ്പ്രിംഗ് 2024 എന്ന വ്യാപാരമേളയിൽ ഇത്തരത്തിൽ ഉല്പാദിപ്പിച്ച ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുകയും പുരസ്കാരം നേടുകയും ചെയ്തിട്ടുണ്ട്.

കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണി വിപുലപ്പെടുത്തുന്നതിന് കേരളത്തിലെ എല്ലാ ജില്ലകളിലും കേരളത്തിന് പുറത്തെ തിരഞ്ഞെടുത്ത സംസ്ഥാനങ്ങളിലും ഡിസ്ട്രിബ്യൂട്ടർമാരെ നിയമിക്കുകയും ഇവർ വഴിയും കോർപ്പറേഷന്റെ നിലവിലുള്ള ഷോറൂമുകൾ വഴിയും ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നുണ്ട്. സപ്ലൈകോ, കൺസ്യൂമർഫെഡ് എന്നീ സ്ഥാപനങ്ങളുടെ വിൽപ്പനശാലകൾ വഴിയും വിശാൽ മെഗാമാർട്ട്, ഡി-മാർട്ട്, റിലയൻസ് റീടെയ്ൽ എന്നീ ചെയ്ൻ സ്റ്റോറുകൾ വഴിയും വിപണനം നടത്തുന്നുണ്ട്. ഇവ കൂടാതെ ആമസോൺ, പെപ്പർഫ്രൈ, ഇൻഡ്യ മാർട്ട് എന്നീ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴിയും വിൽപ്പന നടത്തി വരുന്നു.

കയർ ഭൂവസ്ത്രത്തിന്റെ വിപണനത്തിനും ഉല്പാദനത്തിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒന്നാം എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് (2016-2021) ആകെ 98.29 കോടി രൂപയുടെ കയർ ഭൂവസ്ത്രം വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 148 കോടി രൂപയുടെ കയർ ഭൂവസ്ത്രം വിതരണം ചെയ്തിട്ടുണ്ട്. കയർ ഭൂവസ്ത്രത്തിന്റെ വ്യാപനവുമായി ബന്ധപ്പെട്ട് വകുപ്പിലെ ജീവനക്കാർ നേരിട്ട് പഞ്ചായത്തുകൾ സന്ദർശിച്ച് ഓർഡറുകൾ ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

കയർ ഭൂവസ്ത്രത്തിന്റെ ആഭ്യന്തരവിപണി ഇന്ത്യയിലെ വടക്ക്, വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ വ്യാപിപ്പിക്കുന്നതിനായി നോർത്ത് ഈസ്റ്റേൺ സംസ്ഥാനങ്ങളിലെ വിവിധ സർക്കാർ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ സെമിനാർ ആലപ്പുഴയിൽവെച്ച് നടത്തി. ഒഡീഷയിലെ അയൺ ഓർ മൈനിംഗ് സ്ഥാപനങ്ങളുമായി കയർ ഭൂവസ്ത്രം നൽകുന്നതിനുള്ള കരാറിൽ ഏർപ്പെടുകയും നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. ഇതോടൊപ്പം മറ്റു ഖനികളിലും കയർ ഭൂവസ്ത്രം നൽകുന്നതിനുള്ള ചർച്ചകൾ തുടങ്ങിയിട്ടുണ്ട്. ഇത് പ്രാവർത്തികമാവുന്ന

മുറയ്ക്ക് കയർ മേഖലയിൽ 10,000 ത്തോളം പുതിയ തൊഴിലവസരങ്ങൾ ഉണ്ടാകും എന്ന് കണക്കാക്കുന്നു.

2022-2024 കാലഘട്ടത്തിൽ NCRMI നൂതനമായ ഗവേഷണ ഉല്പന്നങ്ങൾ വികസിപ്പിക്കുകയുണ്ടായി. ഇ-കൊയർ ബാഗുകൾ, പീറ്റ് കോൾ ഡോട്ട്സ്, ടെൻഡർ കോക്കനട്ട് ക്രഷർ എന്നീ നൂതന ഉല്പന്നങ്ങൾ വികസിപ്പിച്ചു. പ്രസ്തുത ഗവേണണോല്പന്നങ്ങളുടെ ഉല്പാദന വിപണനത്തിനുള്ള സാങ്കേതികവിദ്യ വ്യാവസായികാടിസ്ഥാനത്തിൽ കൈമാറുകയും ചെയ്തു. കയർ രംഗത്തെ സ്ഥാപനങ്ങളോടൊപ്പം സൂക്ഷ്മ- ചെറുകിട-ഇടത്തരം സംരംഭകരും (MSME) ഈ സാങ്കേതികവിദ്യയുടെ ഗുണഭോക്താക്കളായി മാറിയിട്ടുണ്ട്. ഇതൊടൊപ്പം കയർ ഡിവൈഡർ, എയർ ഫ്രഷർ എന്നിവ വികസിപ്പിക്കുകയുണ്ടായി. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ NCRMI മുഖേന വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ നിർമാണത്തിൽ നൈപുണ്യം വികസിപ്പിക്കുന്നതിനായി വിവിധയിനം പരിശീലന പരിപാടികൾ നടത്തി വരുന്നു. . NCRMI ഫ്രയിം മാറ്റ്സ് നിർമ്മാണത്തിനുള്ള പരിശീലനവുമായി ബന്ധപ്പെട്ട് വിവിധ കയർ പ്രോജക്റ്റ് ഓഫീസുകളുടെ കീഴിലുള്ള കയർ സംഘങ്ങളിൽ 70 സ്ത്രീ തൊഴിലാളികൾക്ക് 45 ദിവസത്തെ പരിശീലനം നല്കുകയുണ്ടായി. ഇതിനോടകം പ്രസ്തുത പരിശീലന പരിപാടിയിലൂടെ ഫ്രയിം മാറ്റ്സിൽ 40 ഓളം പുതിയ ഡിസൈനുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. NCRMI ഈ സർക്കാരിന്റെ കാലത്ത് ഇലക്ട്രോണിക്ക് റാട്ടിൽ വിവിധ കയർ സഹകരണ സംഘങ്ങളിലായി 120 സ്ത്രീ തൊഴിലാളികൾക്ക് കയർപിരി പരിശീലനം നല്കിയിട്ടുണ്ട്.

കയർമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഈ രംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തി സർക്കാർ ഒരു വിദഗ്ധസമിതി രൂപീകരിക്കുകയും സമിതി ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിദഗ്ധ സമിതിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച വിവിധ നടപടികളുടെ ഭാഗമായി കയർമേഖലയിൽ പണിയെടുക്കുന്ന മുഴുവൻ തൊഴിലാളികളുടെയും സെൻസസ് പൂർത്തീകരിച്ചു. ഇൻകം സപ്പോർട്ട് പദ്ധതിയിലുള്ള കൂലി വിഹിതം കയർ തൊഴിലാളികൾക്ക് ആധാർ ലിങ്ക് ബാങ്ക് അക്കൗണ്ടുകൾ വഴി നേരിട്ട് നൽകുന്ന രീതിയിൽ പരിഷ്കരിച്ചു. 2023 - 24 സാമ്പത്തിക വർഷം 300 സ്ത്രീകൾക്ക് സ്റ്റൈപെന്റോട് കൂടി ഇ-റാട്ട്, ഓട്ടോമാറ്റിക്

| | | | |
|---|---|---|---|
| | | | സ്പിന്നിങ് മെഷീൻ, ഫ്രെയിം മാറ്റ് എന്നിവയിലുള്ള പരിശീലനം നൽകി.<br><br>മെഷിനറികളുടെ മെയിന്റനൻസ് സമയബന്ധിതമായി നടത്തി കൊടുക്കുവാനും സ്പെയർപാർട്ടുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനുമായി ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് നടപ്പിലാക്കുന്നതിന് കയർ മെഷിനറി കമ്പനിക്ക് 4.48 കോടി രൂപ അനുവദിച്ചു. നൈപുണ്യ വികസന പരിശീലനങ്ങൾ നടപ്പാക്കുന്നതിന് 1.47 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ